**<u>15 -ാം കേരള നിയമസഭ</u>**

**<u>1 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 871</u>** **<u>10-06-2021 - ൽ മറുപടിയ്ക്ക്</u>**

**<u>മലനാട് - മലബാർ - റിവർക്രൂസ് പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri P. A. Mohamed Riyas (പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | മലനാട് - മലബാർ - റിവർക്രൂസ് പദ്ധതി നിലവിൽ കണ്ണൂർ - കാസർഗോഡ് ജില്ലകളിലെ പുഴകളെ മാത്രം ബന്ധിപ്പിച്ചുകൊണ്ടാണ് തയ്യാറാക്കിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; 25 കിലോ മീറ്ററോളം നീണ്ടു കിടക്കുന്ന ജൈവവൈവിധ്യവും പ്രകൃതി രമണീയതയും കൊണ്ട് അനുഗൃഹീതമായ കുറ്റ്യാടി പുഴയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് കുറ്റ്യാടിപുഴയെ മലനാട് റിവർ ക്രൂയിസുമായി ബന്ധിപ്പിക്കാനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ് . |
| (ബി) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽപ്പെട്ട പയങ്കുറ്റി മലയിൽ വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ ; നിലവിൽ പയങ്കുറ്റിമല ടൂറിസം ഡെസ്റ്റിനേഷനായി വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | "ടൂറിസം ഡവലപ്മെന്റ് അറ്റ് പയങ്കുറ്റിമല" എന്ന പദ്ധതിക്ക് 2.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ വ്യൂ ടവർ പ്ലാറ്റ്ഫോം, കോമ്പൗണ്ട് വാൾ, റോഡ്, ലാൻഡ്സ്കേപ്പിംഗ് കഫറ്റേരിയ, ഇൻററർലോക്ക് ഫോർ ഗ്രൗണ്ട്, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പയങ്കുറ്റിമല ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിനുള്ള പ്രപ്പോസൽ ജില്ലാ കളക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ